ക്ലാസ് : XII

# മതബോധനകേന്ദ്രം

മാനന്തവാടി രൂപത

**First Semester Examination 2023**

| |
|---|
| ആകെ മാർക്ക് : 80 |
| പാർട്ട് 1 : 60 |
| പാർട്ട് 2 : 20 |
| സമയം: 2 മണിക്കൂർ |

## പാർട്ട് 1

**I ഒറ്റവാക്കിൽ ഉത്തരമെഴുതുക.** **10×1=10**

1. വിശ്വാസാനുസരണത്തിന്റെ സമ്പൂർണ്ണരൂപം ആരാണ്?
2. ഹൃദയത്തിലും മനസ്സിലും അനവരതം സൂക്ഷിക്കേണ്ട അടയാളമേത്?
3. തിന്നുക, കുടിക്കുക, ഉല്ലസിക്കുക എന്നതാണ് ഈ പ്രലോഭനത്തിന്റെ തത്വശാസ്ത്രം-പ്രലോഭനമേത്?
4. സഭയുടെ വിശ്വാസ സത്യങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് ഏത്?
5. ക്രിസ്തുവിനോടൊപ്പം പരമപിതാവിലേക്കുള്ള തീർത്ഥയാത്രയുടെ ലക്ഷ്യമേത്?
6. പുതിയ നിയമത്തിലെ പുസ്തകങ്ങളെല്ലാം എഴുതപ്പെട്ട ഭാഷ ഏത്?
7. ദൈവീക വെളിപാട് സംരക്ഷിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്നത് ആരാണ്?
8. മനുഷ്യ മഹത്വത്തിന്റെ പേരിൽ ദൈവത്തെ നിഷേധിക്കുന്ന തത്വശാസ്ത്രമേത്?
9. മനുഷ്യ ഹൃദയങ്ങളെ ദൈവത്തിങ്കലേക്ക് നയിക്കുന്നത് ആരാണ്?
10. ഭൗതീക വസ്തുക്കൾ നിയന്ത്രണമില്ലാതെ സമ്പാദിച്ചു കൂട്ടുന്നതിനെ വിലക്കുന്ന പ്രമാണം ഏത്?

**II വചനങ്ങളെ ചേരുംപടി ചേർത്തെഴുതുക.** **5×1=5**

11. "ദൈവവചനം നമ്മുടെ പാദങ്ങൾക്ക് വിളക്കും വഴികളിൽ പ്രകാശവുമാണ്." - **അപ്പ. 2:42**
12. "കർത്താവായ യേശുവിൽ വിശ്വസിക്കുക. നീയും നിന്റെ കുടുംബവും രക്ഷ പ്രാപിക്കും." - **യോഹ. 6:63**
13. "ദൈവത്തിന്റെ വചനം സജീവവും ഊർജ്ജസ്വലവും ഇരുതല വാളിനേക്കാൾ മൂർച്ചയുള്ളതുമാണ്" - **അപ്പ. 16:31**
14. "ഞാൻ നിങ്ങളോട് പറഞ്ഞ കാര്യങ്ങൾ ആത്മാവും ജീവനുമാണ്." - **ഹെബ്രാ.4:12**
15. "അവർ അപ്പസ്തോലന്മാരുടെ പ്രബോധനം, കൂട്ടായ്മ, അപ്പം മുറിക്കൽ, പ്രാർത്ഥന എന്നിവയിൽ താൽപര്യപൂർവ്വം പങ്കുചേർന്നു." - **സങ്കീ.119:105**

**III രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.** **7×2=14**

16. സ്വകാര്യസ്വത്തവകാശത്തെക്കുറിച്ച് സഭയുടെ നിലപാടെന്ത്?
17. വിശുദ്ധ ലിഖിതത്തിന്റെ പ്രതീകാത്മകാർത്ഥം എന്നാൽ എന്ത്?
18. ദൈവിക വെളിപാട് അഥവാ ദൈവാവിഷ്ക്കാരം എന്നാൽ എന്ത്?
19. കൂദാശകളുടെ നിരസനം പെന്തക്കോസ്തു പ്രസ്ഥാനങ്ങളുടെ ഒരു വലിയ പോരായ്മതന്നെയാണ്. എന്തുകൊണ്ട്?
20. നിത്യജീവിതത്തിലുള്ള വിശ്വാസം എന്നതുകൊണ്ട് എന്താണ് അർത്ഥമാക്കുന്നത്?
21. അനാരോഗ്യകരമായ മത്സരബുദ്ധി കുട്ടികളെ എങ്ങനെ സ്വാധീനിക്കുന്നു?
22. മനുഷ്യവികാസത്തിന്റെ ചരിത്രത്തിൽ ബൈബിൾ ചെലുത്തിയിട്ടുള്ള സ്വാധീനമെന്ത്?

**IV നാലോ അഞ്ചോ വാകൃത്തിൽ ഉത്തരമെഴുതുക.** **4×4=16**

23. ആത്മീയ സമരത്തിൽ വിജയം നേടാൻ പ്രാർത്ഥനയിലൂടെ കരുത്താർജ്ജിക്കേണ്ടതിന്റെ പ്രാധാന്യം കുറിക്കുക.

24. വിശ്വാസം ദൈവദാനമാണെന്ന് സമർത്ഥിക്കുക.

25. ക്രൈസ്തവ വിശ്വാസിക്ക് കമ്മ്യൂണിസം അസ്വീകാര്യമാണ്. കാരണങ്ങൾ കുറിക്കുക.

26. അന്ധകാരശക്തികളോടുള്ള യുദ്ധത്തിൽ നാം ധരിക്കേണ്ട ആയുധങ്ങളെപ്പറ്റി വിശുദ്ധ പൗലോസ് ശ്ലീഹ പഠിപ്പിക്കുന്നതെന്ത്?

**V ഒരു ഖണ്ഡികയിൽ** (Paragraph) **ഉത്തരമെഴുതുക.** **1×5=5**

27. അബ്രഹാം വിശ്വാസികളുടെ പിതാവ് എന്ന വിശേഷണത്തിന് യോഗ്യനാകാൻ കാരണമെന്ത്?

**VI ഏതെങ്കിലും ഒരു ചോദ്യത്തിന് 2 പുറത്തിൽ കവിയാതെ ഉത്തരമെഴുതുക.** **1×10=10**

28. തിന്മയ്ക്കെതിരെയുള്ള ക്രിസ്തീയ പോരാട്ടത്തിന്റെ രണ്ടു തലങ്ങളെക്കുറിച്ച് വിവരിക്കുക.

*അല്ലെങ്കിൽ*

വചനാധിഷ്ഠിത ജീവിതം നയിക്കാൻ നാം ശ്രദ്ധിക്കേണ്ട കാര്യങ്ങളെ ഉൾപ്പെടുത്തി ഒരു ഉപന്യാസം തയ്യാറാക്കുക.

---

## പാർട്ട് 2

---

**VII ഒറ്റവാക്കിൽ ഉത്തരമെഴുതുക.** **5×1=5**

29. സഭൈക്യത്തിന്റെ പിതാവ് എന്നറിയപ്പെടുന്ന മാർപാപ്പ.

30. ദിവ്യകാരുണ്യവർഷം പ്രഖ്യാപിച്ച മാർപാപ്പ.

31. ജപമാലയ്ക്ക് രൂപം കൊടുത്ത മാർപാപ്പ.

32. മതബോധനത്തിന്റെ പാപ്പ എന്ന അപരനാമത്തിൽ അറിയപ്പെടുന്ന മാർപാപ്പ.

33. ഏറ്റവും കൂടുതൽ കാലം സഭയെ നയിച്ച പാപ്പ.

**VIII നമസ്കാരങ്ങൾ എഴുതുക.**

34. മഹിമയുടെ മൂന്നാമത്തെ രഹസ്യം എഴുതുക. **4**

35. പ്രധാന പുണ്യപ്രവർത്തികൾ ഏതെല്ലാം? **3**

**IX ഉപപാഠപുസ്തകത്തെ അധികരിച്ച് ഉത്തരമെഴുതുക.** **2×4=8**

36. മരണശേഷമുള്ള തനതുവിധി, പൊതുവിധി ഇവ തമ്മിലുള്ള വ്യത്യാസങ്ങൾ വിശദമാക്കുക.

37. മരണശേഷം കുഴിമാടത്തിൽ കുരിശു വയ്ക്കുന്നതിന്റെ ഉദ്ദേശ്യമെന്ത്?